DESPATCHED
On 28/12/21...

2/12/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 298(7)/2015/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 2017/SIC-G6/2015)**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2021 ഡിസംബർ 2

ശ്രീ. വി.റ്റി.പോൾ,
വേവുകാട്ട് ഹൗസ്,
ചുണങ്ങംവേലി,
ആലുവ, എറണാകുളം - 683 112. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
ആലുവ ഈസ്റ്റ് വില്ലേജ് ഓഫീസ്,
എറണാകുളം - 683 563.
2) അപ്പീൽ അധികാരി &
അഡീഷണൽ തഹസിൽദാർ,
താലൂക്ക് ഓഫീസ്, ആലുവ, എറണാകുളം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 23/09/2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/10/2014 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 29/10/2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/11/2014 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 31/01/2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/02/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21/02/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12/03/2015 |
| ഹിയറിംഗ് നടന്ന തീയതി | 30/11/2021 -വീഡിയോ/കമ്മീഷൻ ഓഫീസ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി -വീഡിയോ<br>നേരിട്ട് ഹാജരായി |

## ഉത്തരവ്

ശ്രീ. വി.റ്റി.പോൾ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ നൽകാൻ കഴിയില്ല എന്ന മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയതെന്നും തുടർന്ന് ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും നൽകണമെന്ന് അപ്പീൽ അധികാരി ഉത്തരവിട്ടിട്ടും വില്ലേജ് ഓഫീസർ ടി ഉത്തരവ് നടപ്പിലാക്കിയില്ല എന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട

രേഖകൾ കിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും മേൽപ്പടി രേഖകൾ നൽകാതിരുന്ന ഒന്നാം എതിർകക്ഷിക്ക് പരമാവധി ശിക്ഷ നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) പഴയ സർവ്വെ നമ്പർ: 939/1-25-2-8 (പുതിയ സർവ്വെ നമ്പർ: 70/19) പ്രകാരമുള്ള 5 സെന്റ് വസ്തു പട്ടയാധാര പ്രകാരം 1984-ൽ ആരുടെ പേരിലായിരുന്നു എന്നും
2) 1993 ജൂലൈ മാസത്തിൽ മേൽപ്പടി വസ്തു പോക്കുവരവ് നടത്തിയിട്ടുണ്ടോ എന്നും
3) 1984 മുതൽ 1993 ഡിസംബർ മാസം വരെയുള്ള ടി വസ്തുവിന്റെ തണ്ടപ്പേര് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പകർപ്പ് നൽകണമെന്നും
4) 1993, 1984 വർഷങ്ങളിലെ ബേസിക് ടാക്സ് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 20.10.2014 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 29.10.2014 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ ചോദ്യങ്ങൾക്ക് ഒന്നും രേഖാമൂലം മറുപടി നൽകിയില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 19.11.2014-ന് ഹിയറിംഗ് നടത്തി 22.11.2014 തീയതി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആലുവ ഈസ്റ്റ് വില്ലേജിൽ 23.9.2014-ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 20.10.2014 തീയതി മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടി പ്രകാരം വില്ലേജ് ഓഫീസിലെ രേഖകൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കുവാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി കാണുന്നു എന്നും ടി മറുപടിയ്ക്കെതിരെയാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും 19.11.2014-ൽ നടന്ന വിചാരണ വേളയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 06.03.2015 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ അപേക്ഷയിൻമേൽ 19.11.2014 തീയതി ഹർജിക്കാരനെ വിചാരണ നടത്തുകയും വിചാരണ വേളയിൽ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ആയതനുസരിച്ച് അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് വില്ലേജ് ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും ആയത് ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്.

തുടർന്ന് 5.1.2015-ൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിച്ചില്ലെന്നും ആയത് ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും 10.12.2014-ലെ കത്തുപ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ളത് റീസർവ്വെയ്ക്ക് മുൻപുള്ള വിവരങ്ങളായതിനാൽ ടി ഓഫീസിൽ ലഭ്യമല്ലെന്നാണ് എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുള്ളതെന്നും ടി സാഹചര്യത്തിൽ വില്ലേജിലെ രേഖകൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന് അപേക്ഷകന് സൗകര്യം ഒരുക്കുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണെന്നുമാണ്.

5. ഈ അപ്പീൽ ഹർജിയിൽ തീരുമാനം എടുക്കുന്നതിനായി 17.11.2021-ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺ ഹാളിൽ വച്ച് കമ്മീഷൻ നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരാകാത്തതിനെ തുടർന്ന് വീണ്ടും 30.11.2021-ന് ഹിയറിംഗ് നടത്താൻ തീരുമാനിച്ച് പി.ഐ.ഒ.യ്ക്ക് സമൻസ് അയയ്ക്കുകയും അന്നേ ദിവസം പി.ഐ.ഒ. കമ്മീഷൻ ഓഫീസിൽ നേരിട്ടും ഹർജിക്കാരൻ വീഡിയോ കോൺഫറൻസിംഗ് മുഖേനയും ഹിയറിംഗിൽ പങ്കെടുക്കുകയും ചെയ്തിട്ടുള്ളതാണ്. അപ്രകാരം ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ബോധിപ്പിച്ച വസ്തുതകളും അപ്പീൽ ഹർജിയിലെ ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് റീസർവ്വെയ്ക്ക് മുമ്പുള്ള വിവരങ്ങൾ ആയതിനാൽ തെരഞ്ഞ് കണ്ടെടുക്കുന്നത് ശ്രമകരമാണെന്നതിനാലാണ് വിവരം ലഭ്യമല്ലെന്ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയത് എന്ന് കാണുന്നു. എന്നാൽ ടി രേഖകൾ നേരിട്ട് പരിശോധിച്ച് കണ്ടെത്തുന്നതിന് ഹർജിക്കാരന് സൗകര്യം ചെയ്തു കൊടുത്തിട്ട് ആയത് ഹർജിക്കാരൻ ഉപയോഗപ്പെടുത്തിയിരുന്നതായും കാണുന്നില്ല. റീസർവ്വെയ്ക്ക് മുമ്പുള്ള വിവരമാണെന്നതിനാൽ വിവരം ലഭ്യമല്ല എന്നും ഒന്നാം അപ്പീൽ തീർപ്പിൽ ഹർജിക്കാരന് അടിയന്തിരമായി മറുപടി നൽകാൻ നിർദ്ദേശിച്ചിട്ടുപോലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കി നൽകാൻ യാതൊരു ശ്രമവും നടത്താതെ വളരെ ലാഘവത്തോടെ ഈ ഓഫീസിൽ ലഭ്യമല്ല എന്ന മറുപടി നൽകി അന്നത്തെ പി.ഐ.ഒ. കൈയ്യൊഴിയുകയുമാണ് ചെയ്തിരിക്കുന്നത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. അതുപോലെ തന്നെ ഹർജിക്കാരന് നീതി നടപ്പാക്കി ലഭിച്ചു എന്ന് ഉറപ്പു വരുത്തേണ്ട രണ്ടാം എതിർകക്ഷി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തിരമായി നൽകുന്നതിന് അപ്പീൽ തീർപ്പിലൂടെ ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിയതല്ലാതെ ആയത് നടപ്പാക്കിയെന്ന് ഉറപ്പ് വരുത്തിയിട്ടുമില്ല. ആയതിനാൽ രണ്ടാം എതിർകക്ഷി ഒരു സീനിയർ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ബന്ധപ്പെട്ട ഫയൽ തെരച്ചിൽ നടത്തി കണ്ടെത്തി ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഹർജിക്കാരൻ ആവശ്യപ്പെട്ട

വിവരങ്ങൾ സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അപ്രകാരം ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ ടി ഫയൽ നഷ്ടപ്പെടുത്തിയതിന് ആരാണ് ഉത്തരവാദി എന്ന് കണ്ടെത്തി ടിയാന്റെ വിശദീകരണം സഹിതമുള്ള റിപ്പോർട്ട് 30 ദിവസത്തിനകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും ടി റിപ്പോർട്ട്/ വിശദീകരണം എന്നിവ പരിശോധിച്ച് ഇക്കാര്യത്തിൽ തുടർനടപടികൾ കമ്മീഷൻ സ്വീകരിക്കുന്നതുമാണ്.

6. മേൽ ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം വിവരാവകാശ അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി നൽകാതെ വളരെ ലാഘവത്തോടെ മറുപടി നൽകിയത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പുപ്രകാരം ശിക്ഷാർഹവുമായതിനാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. 17.11.2021-ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺ ഹാളിൽ വച്ച് കമ്മീഷൻ നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷിയായ ശ്രീ.കെ.അനിൽകുമാറിന് പങ്കെടുക്കാൻ കഴിയാതിരുന്നത് സംബന്ധിച്ച് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, കമ്മീഷനിൽ നിന്നും ലഭിച്ച 8.11.2021-ലെ ഹിയറിംഗ് നോട്ടീസ് ടി ഓഫീസിലെ വി.എഫ്.എ. ആയ ശ്രീ. വിജയകുമാറിനെ ഏൽപ്പിച്ചിരുന്നുവെന്നും എന്നാൽ ടി നോട്ടീസ് കക്ഷിയ്ക്കുള്ള ഹിയറിംഗ് നോട്ടീസ് ആണെന്ന് തെറ്റിദ്ധരിച്ച് ടി നോട്ടീസ് തിരിച്ചേൽപ്പിക്കുകയാണ് ഉണ്ടായതെന്നും, താൻ 2.11.2021-നാണ് ടി വില്ലേജിൽ ചാർജെടുത്തതെന്നും ടൗൺ വില്ലേജിലെ തിരക്കു കാരണം ഹിയറിംഗ് വിവരം ശ്രദ്ധയിൽപ്പെടാതെ പോയതാണെന്നും ടി വീഴ്ച മാപ്പാക്കണമെന്നും മേലിൽ ഇത്തരം അശ്രദ്ധ ഉണ്ടാകില്ലെന്ന് കമ്മീഷൻ മുമ്പാകെ ഉറപ്പു തരുന്നുവെന്നുമാണ്.

8. മേൽ വിശദീകരണം കമ്മീഷൻ അംഗീകരിക്കുന്നു. എന്നാൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം മേൽ 5-ാം ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം കണ്ടെത്തി ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ

നൽകേണ്ടതും കമ്മീഷൻ അയച്ച ഹിയറിംഗ് നോട്ടീസിൽ യഥാസമയം നടപടി എടുക്കാത്തതിന് ഉത്തരവാദിയായ വി.എഫ്.എ. ശ്രീ. വിജയകുമാറിന്റെ വിശദീകരണം ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം കമ്മീഷനിൽ ഹാജരാക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 2-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

us